# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2828** **06.11.2019 ലെ മറുപടി**

## വെള്ളായണി കായൽ സംരക്ഷണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. വിൻസെന്റ് :** | **കെ.കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) വെള്ളായണി കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട്ഏതെല്ലാം ഏജൻസികൾ ചേർന്നാണ് കായൽ വൃത്തിയാക്കുന്നതെന്നും അതിൽ സർക്കാർ പങ്കാളിത്തം എത്ര മാത്രം ഉണ്ടെന്നും ഇതുവരെ അതിനായി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ; | (എ) വെള്ളായണി കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട് "സ്വസ്തി ഫൗണ്ടേഷൻ" എന്ന സംഘടനയുമായി ചേർന്ന് കായൽ വൃത്തിയാക്കൽ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. ജലസേചന വകുപ്പിന്റെ ഫണ്ട് ഇതിനായി വിനിയോഗിക്കുന്നില്ല. |
| (ബി) കുടിവെള്ള സ്രോതസായ വെള്ളായണി കായലിലെ വെള്ളത്തിൽ പുഴുക്കൾ കാണപ്പെടുകയും അശുദ്ധമാവുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കായൽ സംരക്ഷണത്തിന്എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജലശുദ്ധീകരണശാലയിൽ നിന്നും വിതരണം ചെയ്യുന്ന ജലത്തിൽ പുഴുക്കളും മറ്റു മാലിന്യങ്ങളും കടന്നു കൂടുന്നത് തടയാനായി വാട്ടർ അതോറിറ്റി അതീവ ജാഗ്രത പുലർത്തി വരുന്നുണ്ട്. ഇതിനായി ആവശ്യമായ അളവിൽ പ്രീ ക്ലോറിനേഷൻ നടത്തുകയും പൊട്ടാസ്യം പെർമാൻഗനേറ്റ് ചേർക്കുകയും, പ്ലാന്റിന്റെ വിവിധ ഔട്ട് ലെറ്റുകളിൽ പുഴുവിന്റെ കടന്നുകയറ്റം തടയുന്ന രീതിയിലുള്ള അരിപ്പകൾ സ്ഥാപിക്കുകയും നിശ്ചിതമായ ഇടവേളകളിൽ പ്ലാന്റ് ശുചീകരണം നടത്തുകയും ചെയ്ത് ശുദ്ധമായ കുടിവെള്ള വിതരണം ഉറപ്പാക്കുന്നുണ്ട്.<br>കായൽ സംരക്ഷണം സംബന്ധിച്ച് ബഹു.ജലവിഭവ വകുപ്പ് മന്ത്രിയും ബഹു.ടൂറിസം വകുപ്പ് മന്ത്രിയും സംയുക്തമായി നടത്തിയ യോഗത്തിൽ നിർദ്ദേശിച്ചപ്രകാരം കായൽ സംരക്ഷണ ത്തിനും ടൂറിസം വികസനത്തിനും ആയിട്ടുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ